പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4050 21.10.2016 ൽ മറുപടിയ്ക്ക്

റോഡ് ട്രാൻസ്പോർട്ട് സേഫ്റ്റിബിൽ

| | ചോദ്യം<br>ശ്രീ.കെ.ബാബു | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കേന്ദ്രസർക്കാർ നടപ്പിലാക്കാൻ ശ്രമിക്കുന്ന റോഡ് ട്രാൻസ്പോർട്ട് സേഫ്റ്റി ബിൽ സംബന്ധിച്ച വിഷയം ചർച്ച ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കമോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | ചർച്ച ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിനും, പൊതുജനങ്ങൾക്കും ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന രീതിയിലുള്ള പ്രൊവിഷനുകൾക്കെതിരെ ഒബ്ജക്ഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിലവിൽ, കേന്ദ്ര സർക്കാർ റോഡ് സേഫ്റ്റി ബില്ലിനു പകരം മോട്ടോർ വാഹന നിയമ (ഭേദഗതി) ബില്ലാണ് അവതരിപ്പിച്ചിട്ടുള്ളത്. പ്രസ്തുത ബില്ലിലേയും ജനദ്രോഹപരമായേക്കാവുന്ന ഭേദഗതികൾക്കെതിരെ ഒബ്ജക്ഷൻ ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) | ഈ നിയമം സംസ്ഥാനത്ത് നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | റോഡ് സേഫ്റ്റി ബിൽ പാർലമെന്റ് നിയമമാക്കാത്തതിനാൽ ആയത് സംസ്ഥാനത്ത് നടപ്പാക്കേണ്ട ആവശ്യം വരുന്നില്ല. ഇതിന് പകരം കൊണ്ടുവന്നിട്ടുള്ള മോട്ടോർ വാഹന (ഭേദഗതി) ബില്ലിന്റെ കരടാണ് ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്. ആയത് നിലവിൽ വരുകയാണെങ്കിൽ സംസ്ഥാനത്തും ഇത് നടപ്പിലാക്കേണ്ടതായും നിലവിലുള്ള കേരള മോട്ടോർ വാഹന ചട്ടത്തിൽ അനുസൃതമായ മാറ്റങ്ങൾ വരുത്തേണ്ടതായും വരും. |

സെക്ഷൻ ഓഫീസർ